# കിഴക്കഞ്ചേരിയിൽ 1,200 ലിറ്റർ വാഷ് നശിപ്പിച്ചു

**വടക്കഞ്ചേരി**

കിഴക്കഞ്ചേരി പാലക്കുഴിയിൽ വൻ വ്യാജവാറ്റ്. 1200 ലിറ്റർ വാഷ് പിടികൂടി നശിപ്പിച്ചു. പാലക്കുഴി ഉൾവനത്തിൽ നിന്നാണ് ആലത്തൂർ ഡിവൈഎസ്പി കെ എം ദേവസ്യയുടെ നേതൃത്വത്തിൽ വാഷ് പിടിച്ചെടുത്ത് നശിപ്പിച്ചത്.

മദ്യശാലകൾ അടച്ച സാഹചര്യത്തിൽ മലയോരമേഖലകളിൽ വ്യാജവാറ്റ് നടക്കുന്നുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് വാറ്റ് കേന്ദ്രം കണ്ടെത്തിയത്.

ചൊവ്വാഴ്ച പുലർച്ചെ രണ്ടിന് ഉൾവനത്തിൽനിന്ന് പത്ത് കിലോമീറ്ററോളം മുകളിൽ തിണ്ടില്ലംവെള്ളച്ചാട്ടം ആരംഭിക്കുന്ന ഭാഗത്തെ പാറയിടുക്കിൽ നിന്നാണ് വാഷ് പിടിച്ചെടുത്തത്. മൂന്ന് വീപ്പകളിലും കുടങ്ങളിലും സൂക്ഷിച്ച നിലയിലായിരുന്നു. പൊലീസ് സംഘത്തെ കണ്ട് ഇവിടെയുണ്ടായിരുന്ന നാല് പേർ ഓടിരക്ഷപ്പെട്ടു. വാഷിന് വീര്യം കൂട്ടാൻ കൊണ്ടുവന്ന ചെരുപ്പ്, ഓന്തിന്റെതല, തേരട്ട എന്നിവയും അതിമാരകമായ രാസവസ്തുക്കളും കണ്ടെത്തി.

വൻ വ്യാജമദ്യ ദുരന്തത്തിന് തന്നെ കാരണമായേക്കാവുന്ന വാറ്റ് കേന്ദ്രമാണ് നശിപ്പിച്ചത്. മംഗലംഡാം പൊലീസ് കേസെടുത്ത് അന്വേഷണം ഊർജിതമാക്കി. വരും ദിവസങ്ങളിലും കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി മലയോര മേഖലകളിൽ പരിശോധന തുടരുമെന്ന് ഡിവൈഎസ്പി അറിയിച്ചു.



**പാലക്കുഴി വനത്തിൽനിന്ന് ഡിവൈഎസ്പി കെ എം ദേവസ്യയുടെ നേതൃത്വത്തിൽ വാഷ് പിടിച്ചെടുത്തപ്പോൾ**